*സ്വാമി ശരണം*

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - പെൻഷനായ ജീവനക്കാരുടെ മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം നൽകുന്ന സംഗതി - തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 8003/16/Est-1** നന്തൻകോട്, 13/03/2019

---

പരാമർശം ഃ- 1) 21-04-2017 ലെ മേൽ നമ്പർ ബോർഡുത്തരവ്.
2) 03-10-2018 ലെ ROC8003/16/Est-1 (ii) നമ്പർ ബോർഡുത്തരവ്.
3) 11-12-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.
4) കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറിയുടെ 02-02-2019 ലെ കത്ത്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എക്സ്ഗ്രേഷ്യാ വാങ്ങുന്ന പെൻഷൻകാർക്ക് മാത്രം 5,000/- രൂപ മരണാനന്തര ചടങ്ങുകൾക്ക് പരാമർശം 1 ൽ അനുവദിച്ചിരുന്നു. കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ ഭാരവാഹികളുമായി 11-07-2018 ൽ ബോർഡ് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എക്സ്ഗ്രേഷ്യാ വാങ്ങുന്നതല്ലാത്ത എല്ലാ പെൻഷൻകാർക്കും മരണാനന്തര ചടങ്ങിനായി 1000/- രൂപ ധനസഹായം നൽകുന്നതിന് അനുവദിച്ചു (പരാമർശം -2).

പ്രസ്തുത ആനുകൂല്യത്തിൽ വർദ്ധനവ് വരുത്തണമെന്ന് വിവരിച്ച് പരാമർശം 4 കത്ത് ലഭിച്ചു.

ആയത് പരിഗണിച്ച് എല്ലാ പെൻഷൻകാർക്കും മരണാനന്തര ചടങ്ങിനായി 5,000/- (അയ്യായിരം) രൂപ ധനസഹായം നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു. പ്രസ്തുത ആനുകൂല്യം പരാമർശം 3 ലെ വ്യവസ്ഥകൾ പ്രകാരം ചെലവെഴുതി നൽകേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

CDP

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. തിരുവാഭരണം കമ്മീഷണർ
3. ചീഫ് എഞ്ചിനീയർ (ജനറൽ)
4. ചീഫ് എഞ്ചിനീയർ
5. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
6. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
8. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
9. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
10. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം
11. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർ, തിരുവനന്തപുരം
12. ലാ ആഫീസർ
13. ലെയ്സൺ ആഫീസർ, എറണാകുളം
14. ഇ.ഡി.പി. സെക്ഷൻ
15. എല്ലാ ആഫീസ് മേധാവികൾക്കും
16. സെക്ഷൻ ഫയൽ
17. ഫയൽ ബുക്ക്
18. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Regimol

അസിസ്റ്റന്റ് സെക്രട്ടറി

SK